നം. ICDS/B7/3143/Sup./2020

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 27/11/2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം : നാഷണൽ ക്രഷ് സ്കീം - ഗ്രാന്റ് വിതരണം - ബാങ്ക് അക്കൗണ്ട് - വ്യക്തത വരുത്തുന്നത് – സംബന്ധിച്ച്.

സൂചന : 19/11/2020 തീയതിയിൽ പ്രോഗ്രാം ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ട് നടത്തിയ ഡയറക്ടർ തല വീഡിയോ കോൺഫറൻസ്

നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ക്രഷുകൾ 2017 ജനവരി 1 മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയുണ്ടായി. അതിൽ പ്രവർത്തന ക്ഷമമായ ക്രഷുകൾക്കു സ്കീം മാനദണ്ഡ പ്രകാരം 60:30:10 (Central share: State share: NGO share) എന്ന അനുപാതത്തിൽ വർക്കർ/ഹെൽപ്പർമാർക്കുള്ള ഓണറേറിയം, ഡോക്ടർമാർക്കുള്ള ഓണറേറിയം, മെഡിസിൻ കിറ്റ്, PSE കിറ്റ്, കുട്ടികൾക്കുള്ള പോഷകാഹാരം എന്നീ 5 കമ്പോണന്റുകൾക്കായി ഗ്രാന്റ് അനുവദിച്ചു വരുന്നു. സർക്കാർ അനുവദിക്കുന്ന അർഹതപ്പെട്ട ഗ്രാന്റ് ബന്ധപ്പെട്ട ക്രഷുകൾക്ക് ലഭ്യമായിട്ടുണ്ടെന്നും അവ സ്കീം മാനദണ്ഡ പ്രകാരം വിനിയോഗിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ മോണിറ്ററിംഗിന്റെ ഭാഗമായി ഉറപ്പാക്കേണ്ടതുണ്ട്. കാര്യക്ഷമമായ ഫണ്ട് വിനിയോഗം ഉറപ്പാക്കുന്നതിനായി ക്രഷുകൾക്ക് അനുവദനീയമായ ഗ്രാന്റ് തുക ക്രഷുകൾക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് മുഖേനെ കൈമാറുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഒന്നിലധികം ക്രഷുകൾ നടത്തുന്ന ചില NGO കളും സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട്. അവയ്ക്ക് കീഴിലെ ക്രഷുകൾക്കു അനുവദിച്ചു നൽകിയ ആകെ ഗ്രാന്റ് തുക NGO യുടെ പേരിൽ നിലവിലുള്ള ഒറ്റ ബാങ്ക് അക്കൗണ്ട് മുഖേനെ അനുവദിക്കണമെന്ന് ചില NGO കൾ ആവശ്യപ്പെടുന്ന

കാര്യം സൂചന വീഡിയോ കോൺഫറൻസിൽ ചർച്ചാവിഷയമാകുകയും, ക്രഷിനായി അനുവദിക്കുന്ന ഗ്രാന്റ് തുക അതത് ക്രഷിന്റെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് മുഖേനെ കൈമാറുന്നതാണ് ഉചിതം എന്ന പൊതു ധാരണയിൽ എത്തിച്ചേരുകയും ചെയ്തു.

ഒന്നിലധികം ക്രഷുകൾ നടത്തുന്ന NGOകളുടെ ക്രഷുകൾ വിവിധ ICDS പ്രോജക്ടുകൾക്കു കീഴിലാണ് സ്ഥിതി ചെയ്യുന്നത്. അത്തരം ക്രഷുകൾക്കുള്ള ഗ്രാന്റ് വിതരണം ചെയ്യുന്നത് വെവ്വേറെ CDPO മുഖേനെയാണ്. ഒന്നിലധികം ക്രഷുകൾക്കുള്ള ഗ്രാന്റ് അവയുടെ NGOയുടെ പേർക്കുള്ള ബാങ്ക് അക്കൗണ്ട് മുഖേനെ അനുവദിച്ചു നൽകിയാൽ ഫണ്ട് വിനിയോഗവും അനുബന്ധ പ്രവർത്തനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മോണിറ്റർ ചെയ്യുന്നതിനും, സമയബന്ധിതമായി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്നതിനും അതു കാരണം യഥാസമയം കേന്ദ്ര - സംസ്ഥാന സർക്കാർ ഗ്രാന്റ് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനും ഇടയാകും. പ്രസ്തുത സാഹചര്യങ്ങൾ കണക്കിലെടുത്ത് സർക്കാർ ഗ്രാന്റ് അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നതിനും കാര്യക്ഷമമായ മോണിറ്ററിംഗ് സാധ്യമാകുന്നതിനുമായി നാഷണൽ ക്രഷ് സ്കീം പ്രകാരം അനുവദിക്കപ്പെടുന്ന ഗ്രാന്റ് തുക ബന്ധപ്പെട്ട ക്രഷുകളുടെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് മുഖേനെ മാത്രമേ കൈമാറുവാൻ പാടുള്ളൂ. ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാരും CDPO മാരും ഈ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്. ശിശു ക്ഷേമ സമിതിക്കു കീഴിലുള്ള ക്രഷുകൾക്കും ഈ നിർദ്ദേശം ബാധകമാണ്.

വനിത ശിശുവികസന ഡയറക്ടർക്കു വേണ്ടി

1. എല്ലാ ജില്ല വനിത ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ CDPO മാർക്കും (ബന്ധപ്പെട്ട NGO/ക്രഷിന് നൽകുന്നതിനായി)
3. സെക്രട്ടറി, KSCCW
4. വെബ്സൈറ്റ്
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

sha@2020